# രാജർഷി

| പുസ്തകം 7 | 1116 മകരം. | ലക്കം 6 |
| --- | --- | --- |

## മംഗളം.

"രാജർഷി"യെന്നുള്ള ഭിധാനമാക്കോ
തികച്ചുമനുരത്ഥതയാർന്നിടുന്നു
എന്നെന്നു മേതൽസ്മൃതി പുത്തനാക്കി
സന്മാസികേ, നീ വിജയിക്കനീണ്ണാൾ.

K. K. Nambiar,

ചേപ്പ്.

## തിരുവഞ്ചിക്കുളം.

II

തിരുവഞ്ചിക്കുളം ക്ഷേത്രത്തെപ്പററി ഇതിന്നുമുമ്പെഴുതിയിട്ടുള്ള ലേഖനത്തിൽ പറഞ്ഞ സംഗതികളെത്തുടൎന്ന് ഇനിയും പലതും പറവാനുണ്ട്. അവയിൽ ചിലതു പ്രത്യക്ഷവും ചിലതു അനുമാനസിദ്ധവുമാണ്. അതെല്ലാം ക്രുലങ്കഷമായി മനസ്സിരുത്തി ആലോചിച്ച് അനുക്രമമായി എഴുതുവാൻ വളരെ പ്രയാസമുണ്ട്. ഒരു ക്ഷേത്രത്തിലെ തന്ത്രി, (ആചാൎയ്യൻ) ശാന്തിക്കാരൻ, (പൂജകൻ) ദേവലന്മാർ, (പരിചാരകന്മാർ) ഇവരെല്ലാം അവരവരുടെ കൃത്യങ്ങൾ നടത്തുന്നതിൽ ശ്രദ്ധയും നൈപുണ്യവും ഉള്ളവരായിരുന്നാൽ മാത്രമല്ലെ ദേവൻെറ സാന്നിദ്ധ്യം വൎദ്ധിക്കുകയുള്ളു? നേരെമറിച്ച് ഇവരോരോരുത്തരും സ്വകൃത്യവിമുഖ

ന്മാരും ഐകമത്യരഹിതന്മാരും ആയിത്തീന്നാൽ ദേവസാന്നിദ്ധ്യം കുറയുന്നതാണല്ലോ. അതുപോലെ കാലപ്പഴക്കത്താൽ ജീണ്ണിച്ച് കേടുവന്നിരിക്കുന്ന എൻെറ ക്ഷേത്രത്തിലേയും കണ്ണും, കയ്യും, കരളും തമ്മിൽ ഇണക്കമില്ലാത്ത മട്ടിലായിത്തീന്നിരിക്കകൊണ്ടു് ക്ഷേത്രജ്ഞചൈതന്യത്തിന്നു വളരെ ന്യൂനത വന്നിരിക്കുന്നതിനാൽ അതിൻെറ പ്രവൃത്തികളിലും പല താഴ്ചവീഴ്ചകളും വന്നുപോയേക്കാമെന്നു് ഇവിടെ ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു.

ഈ ക്ഷേത്രത്തിന്നു് ഇപ്പോൾ പറഞ്ഞുവരുന്ന "തിരുവഞ്ചിക്കുളം" എന്ന പേരിൻെറ ആഗമത്തെക്കുറിച്ചുള്ള ഒരൈതിഹ്യം മുൻലേഖനത്തിൽ പറയപ്പെട്ടിട്ടുണ്ടെങ്കിലും പണ്ടത്തെ ജനങ്ങൾ പറഞ്ഞിരുന്ന പേർ "തിരുവഞ്ചക്കുളം" എന്നായിരുന്നു എന്നുള്ള സംഗതിയാണു് ഒന്നാമതായി പറവാനുള്ളതു്. അതിലേക്കു്, അവിടത്തെ നാലമ്പലത്തിനകത്തു് ശ്രീകോവിലിന്നു് വടക്കുഭാഗത്തു്, ഒരു ചെറിയ പ്രാസാദത്തിൽ ചില ലോഹവിഗ്രഹങ്ങൾവച്ചു് പൂജിച്ചുവരുന്നവയിൽ "സഭാപതി" യെന്നൊരു ശൈവവിഗ്രഹമുള്ളതിൻെറ പീഠത്തിൽ തമിഴ് ലിപിയിൽ കൊത്തിയിരിക്കുന്ന തിരുവഞ്ചക്കളം" എന്ന രേഖയാണു് ഒന്നാമത്തെ പ്രമാണം. ഈ ക്ഷേത്രത്തിൽ അത്താഴപ്പൂജകഴിഞ്ഞു് പള്ളിയറയ്ക്കു് എഴുന്നള്ളിക്കുന്നതിന്നുമുമ്പായി "അഞ്ചക്കളെ! ശംഖുവിളി!" എന്നു് ശാന്തിക്കാരൻ വിളിച്ചുപറകയും, അപ്പോൾ ഒരു മാരാർ ശംഖു് വിളിക്കുകയും പതിവായി നടന്നുവരുന്നതാണു് രണ്ടാംതെളിവു്. "അഞ്ചക്കളൻ" എന്ന പേർ നായന്മാരിൽ താഴെയുള്ള ഹിന്ദുക്കളുടെയിടയിൽ ഇന്നും ഇവിടങ്ങളിൽ നടപ്പുള്ളതാകുന്നു. "അഞ്ചക്കളമേനോൻ," "അഞ്ചക്കളമാരാര്" എന്നു് നായന്മാക്കും മാരാന്മാക്കും കുറച്ചുകാലം മുമ്പുവരെ പേരിട്ടു് വിളിച്ചിരുന്നതായി അറിവുള്ളവർ ഇപ്പോഴും ഉണ്ടു്. ഒരു ക്ഷേത്രത്തിൻേറയോ ആ ക്ഷേത്രത്തിലെ പ്രധാനമൂത്തിയുടേയോ പേർ ആദിക്കിലുള്ളവർ അവരുടെ സ്ത്രീപുരുഷന്മാക്കു് ഇട്ടുവിളിക്കുന്ന പതിവു് നാനാദേശങ്ങളിലും നടപ്പുള്ളതാണു്. തിരുവനന്തപുരത്തു പദ്മനാഭൻ (പപ്പു;) തൃപ്പൂണിത്തുറെ കുഞ്ഞുണ്ണി, കൊച്ചുണ്ണി, കുഞ്ഞുപ്പിള്ള, കൊച്ചുപിള്ള; ഇരിഞ്ഞാലക്കുടെ മാണിക്കൻ, മാണി, കുഞ്ഞുമാണിക്കൻ, ഇട്ടിമാണി; കൊടുങ്ങല്ലൂർ കാളി, ഇക്കാളി, കുഞ്ഞിക്കാളി, കുറുമ്പ; പാലക്കാട്ടും ചിററൂരും ഏമൂരി; തൃശ്ശിവപേരൂരിന്നടുത്ത ചേറൂര്, വില്ലടം, താന്നിക്കോടം മുതലായ ദേശങ്ങളിൽ താന്നി അല്ലെങ്കിൽ താണി, എന്നീവക പേരുകൾ ഇട്ടുകാണുന്നതു സാധാരണമാണല്ലോ. ശാസ്താ

വിൻെറ പര്യായമായ ചാത്തു, ചാത്തൻ, അയ്യപ്പൻ, അയ്യൻ എന്ന പേരുകൾ ദേശഭേദം കൂടാതെ തന്നെ സാർവത്രികവുമാകുന്നു.

ഇതിൽനിന്നും ടി ക്ഷേത്രത്തിൻെറ പുരാതനസംജ്ഞ "അഞ്ചക്കുളം" എന്നായിരുന്നു എന്നും അതിൽ പൂജകത്വദ്യോതകമായ സംസ്കൃതശ്രീശബ്ദത്തിൻെറ ദ്രാവിഡരൂപമായ "തിരി" എന്നതിലെ അന്ത്യസ്വരത്തെ 'ഉ'കാരമാക്കി പ്രയോഗിച്ചാണ് "തിരുവഞ്ചക്കുളം" എന്നായിത്തീർന്നതെന്നും അനുമാനിക്കാം. ഇങ്ങനെയല്ലാതെ 'തിരു അഞ്ച' എന്നിടത്തു മദ്ധ്യ സന്ധികാര്യമായി വന്ന 'വ'കാരത്തെ നാമത്തിൻെറ ആദ്യവർണ്ണമാക്കുകയും, ഞ്ച, ക്ക, എന്ന മദ്ധ്യാക്ഷരങ്ങളിലെ അകാരങ്ങളെ 'ഇ' എന്നും 'ഉ' എന്നും വ്യവസ്ഥകൂടാതെ മാറുകയും ചെയ്തു 'തിരുവഞ്ചിക്കുളം' എന്നായിത്തീർന്നു കാലാന്തരത്തിൽ സംഭവിച്ച ഒരു പരിണാമമാണെന്ന് വിചാരിപ്പാനേ ന്യായം കാണുന്നുള്ളു.

തിരുവഞ്ചിക്കുളം ക്ഷേത്രത്തിൻെറ സ്ഥാപകൻ ഒരു മഹാശൈവനായിരുന്നു എന്നുള്ള സംഗതിയാണ് ഇനി പറയാനുള്ളതു്. സാധാരണ മലയാളത്തിൽ കാണുന്ന ദേവാലയങ്ങളിൽ "അന്തർമ്മണ്ഡലം," "അന്തഹാര" ഇവയിൽ ദിക്പാലന്മാർ, മാതൃക്കൾ, നിർമ്മാല്യധാരി, എന്നിങ്ങനെയുള്ള പരിവാരങ്ങളെ ബലിക്കല്ലുകളായിട്ടും, ചിലേടത്തു സപ്തമാതൃക്കൾ, വീരഭദ്രൻ, ഗണപതി ഇവരെ ശ്രീകോവിലിൻെറ തെക്കുഭാഗത്തു മാതൃശാലയിൽ വിഗ്രഹങ്ങളായിട്ടും പണിചെയ്തുകാണുന്നുണ്ടു്. ഇതുകൂടാതെ നാലമ്പലത്തിന്നകത്തുള്ള തിരുമുററത്തു് വേറെ മൂർത്തികളുടെ പ്രതിഷ്ഠ അധികം കാണാറില്ല. പ്രസ്തുതക്ഷേത്രത്തിൽ ശ്രീകോവിലിൻെറ തെക്കുഭാഗത്തു മാതൃശാലയിൽ സപ്തമാതൃക്കളേയും, വീരഭദ്രനേയും, ഗണപതിയേയും ദാരുവിഗ്രഹങ്ങളായി പ്രതിഷ്ഠിച്ചിട്ടുണ്ടു്. ആ മാതൃശാലയുടെ പുറത്തു കിഴക്കുഭാഗത്തു ഗണപതിയും തെക്കേച്ചുററമ്പലത്തിൽ ഒരു മുറിയിൽ ചേരമാൻ പെരുമാളും സുന്ദരമൂർത്തിയും, ശ്രീകോവിലിൻെറ പടിഞ്ഞാറുഭാഗത്തു തിരുമിററത്തു് ഭൃംഗിരടിയും, അതിൻെറ വടക്കുഭാഗത്തു ശിവനും, അതിനും വടക്കു വേറൊരു ശിവനും അതിനും വടക്കു ശ്രീകോവിലിൻെറ വായുകോണിൽ പള്ളിയറയും, അതിൻെറ കിഴക്കുഭാഗത്തു ശക്തിപഞ്ചാക്ഷരിയും, അതിന്നും കിഴക്കു ദുർഗ്ഗ, പാർവ്വതീപരമേശ്വരന്മാർ, സഭാപതി എന്നിവരും, അതിന്നും കിഴക്കു ഈശാനകോണിൽ ശിവനും, അതിനും തെക്കു നിർമ്മാല്യധാരിയും പ്രതിഷ്ഠിക്കപ്പെട്ടതായിക്കാണുന്നു. ഈ മൂർത്തികൾക്കൊക്കെ വെ

വ്വേറെ പ്രാസാദങ്ങളുമുണ്ട്. ചുററമ്പലത്തിന്നും വിളക്കുമാടത്തിനും പുറത്തു തെക്കുഭാഗത്തു ഒരു കോവിലിൽ ശിവനും, അതിന്നു പടിഞ്ഞാറു ഭാഗത്തു നിരൃതികോണിൽ ഒരു പ്രാസാദാങ്കണത്തിൽ അശ്വത്ഥമൂലത്തിൽ ശാസ്താവും, അതിന്നും വടക്കു ഒരു പ്രാസാദത്തിൽ ശിവനും, വിളക്കുമാടത്തിൻെറ അരുകിൽ പടിഞ്ഞാറെ നടയിൽ ഒരു പ്രാസാദത്തിൽ മറെറാരു ശിവനും, പടിഞ്ഞാറെ നടയ്ക്കു വടക്കുഭാഗത്തു ഒരു പ്രാസാദത്തിൽ സുബ്രഹ്മണ്യനും, അതിന്നും വടക്കു മറെറാരു പ്രാസാദത്തിൽ ദുർഗ്ഗയും, വടക്കെ നടയിൽനിന്നും അല്പം കിഴക്കുഭാഗത്തായുള്ള കൊന്നത്തറയിൽ സ്വയംഭൂവായ ഒരു ശിവനും, പടിഞ്ഞാറെ ഗോപുരത്തിന്നു പുറത്തു, ഗോപുരത്തോടടുത്തുതന്നെ ഒരു കോവിലിൽ ഒരു ശിവനും അവിടെ നിന്നും പത്തുപന്ത്രണ്ടു ദണ്ഡ് വടക്കോട്ടു മാറി വേറെ പ്രാസാദത്തിൽ "കൊട്ടാരത്തിൽ തേവര്" എന്നു പേരായി മറെറാരു ശിവനും കാണപ്പെടുന്നു. ഇങ്ങനെ ചുററമ്പലത്തിനകത്തും പുറത്തും, മതില്ക്കുപുറത്തും ആയി പരിവാരഗണത്തിൽത്തന്നെ പതിനൊന്നു ശിവപ്രതിഷ്ഠയും, ഗണപതി, സുബ്രഹ്മണ്യൻ, ദുർഗ്ഗ, ശക്തിപഞ്ചാക്ഷരി, എന്ന് വേറെ നാല് ശൈവമൂർത്തികളും മണ്ഡപത്തിൽ വാഹനമായ വൃഷഭവും പിന്നിൽ ഭൃംഗിരടി" എന്ന പാരിഷദനും ഉണ്ടെങ്കിലും വൈഷ്ണവമായ ഒരു സ്ഥാപനം പോലും ഈ ക്ഷേത്രത്തോടു സംബന്ധിച്ച് കാണുന്നില്ലെന്നുള്ള സംഗതി ആലോചിച്ചിട്ടാണ് ഇതിൻെറ സ്ഥാപകൻ ഒരു മഹാശൈവനാണെന്ന് അനുമാനിച്ചിട്ടുള്ളത്.

മുൻപറഞ്ഞവയിൽ തെക്കെച്ചുററമ്പലത്തിൽ ലോഹവിഗ്രഹങ്ങളായി പ്രതിഷ്ഠിച്ചിട്ടുള്ളത്. ഈ ക്ഷേത്രത്തിൻെറ സ്ഥാപകനായ പെരുമാളും അദ്ദേഹത്തിൻെറ ഗുരുഭൂതനായ സുന്ദരമൂർത്തിയും ആണെന്ന് ഐതിഹ്യമുണ്ട്. അതു ശരിയാണെങ്കിൽ ആ മഹാന്മാർ രണ്ടുപേരും സിദ്ധിയടഞ്ഞതിന്നുശേഷമല്ലാതെ അവരെ പ്രതിഷ്ഠിക്കുവാൻ സംഗതിയില്ലല്ലോ. ഇവിടത്തെ ശാസ്താവിൻെറ ആലയനിർമ്മാണത്തെയും, ഉത്സവം മണ്ഡലം മുതലായ വിശേഷകാലങ്ങളിൽ ഈ ശാസ്താവിനെ ഉദ്ദേശിച്ച് ചെയ്തുവരുന്ന ചില വിശേഷാചാരങ്ങളേയും ലക്ഷ്യമാക്കി ആലോചിക്കുമ്പോൾ പല പുതിയ അഭിപ്രായങ്ങളും ഉണ്ടാകുന്നതിനാൽ ആ ഭാഗത്തെ സംബന്ധിച്ചുതന്നെ പ്രത്യേകം ഒരു ലേഖനം എഴുതുവാൻ വകയുള്ളതുകൊണ്ട്, അതു വേറൊരിക്കലാകാമെന്ന് വച്ച് ആ ഭാഗം വിട്ട് പ്രകൃതത്തെത്തന്നെ പിൻതുടരുന്നു.

മുൻപറഞ്ഞ വിധത്തിലുള്ള പരിവാരാദി പ്രതിഷ്ഠാഭേദങ്ങളെ

കൊണ്ടും, പള്ളിയറമുതലായ നിത്യാചാരങ്ങളെക്കൊണ്ടും, ഉത്സവകാലത്തുള്ള അരാകുളം വലംവയ്ക്കുക മുതലായ വിശേഷങ്ങളെക്കൊണ്ടും ഇവിടെ, സാധാരണ മലയാളക്ഷേത്രങ്ങളെ അപേക്ഷിച്ച് പല വ്യത്യാസങ്ങളും സ്പഷ്ടമായിക്കാണുന്നതിനാൽ ഈ ക്ഷേത്രത്തിൻെറ ആദിമചരിത്രത്തിൽ പല പാരദേശിക സമ്പ്രദായങ്ങളും ഉണ്ടായിരുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിൽക്കാണുന്ന ക്ഷേത്രം ടിപ്പുവിൻെറ പടയോട്ടക്കാലത്തോ മററോ ധ്വംസശേഷമായിട്ട് കൊ. വ. 976-മിഥുനം 4-ാം തീയതി കലശം കഴിച്ച് നവീകരിച്ചതാണെന്ന് അവിടത്തെ മണ്ഡപത്തറയിൽ കൊത്തിയിട്ടുള്ളതും, തഴെ എഴുതുന്നതുമായ—

“യഃ കശ്ചി“ച്ഛാസ്ത്രബാഹ്യോ”മഹദുചിതൈഃ കാരയിതാ തഥാഽസ്മിൻ-
കാലെ “ദേവദ്ധിരമ്യം” ധ്രുവമിഹ നിലയം മാടഭൂപാജ്ഞയാതം ।
ഗോവിന്ദഃ പാലിയേശോ ഗിരിശമഭിനവീകാരയൻ വഞ്ചുളേശം
“നൃക്ഷേത്രേണോന്നദ്ധസൌഖ്യം” കലിതഫലസഹസ്രാഭിഷിക്തം വ്യധത്ത ॥

എന്ന ശ്ലോകംകൊണ്ട് സ്പഷ്ടമാകുന്നുണ്ട്. ആ നവീകരണത്തിൽ ക്ഷേത്രത്തിൻെറ എല്ലാ ഭാഗങ്ങളും തീൎന്നിട്ടുണ്ടായിരുന്നില്ലെന്നും, അതിനുശേഷം പിന്നെയും ഇരുപത്തൊമ്പതു സംവത്സരം കഴിഞ്ഞിട്ടാണ് വിളക്കുമാടം പണി നടന്നിട്ടുള്ളതെന്നും കിഴക്കെ വിളക്കുമാടത്തറയിൽ കൊത്തിയിട്ടുള്ള

ദോർദ്ദണ്ഡം യജ്ഞജുഷ്ടം നിജമതി കലയൻ യസ്തുമായാ കടാക്ഷാ-
ധാരാം വൃഷ്ടീഷ്ഠധാത്ഥം സതതമപി ദിശന്നർത്ഥിനാം സദ്ഗുണാഢ്യഃ
വീരഃ ശ്രീരാമവർമ്മാഹ്വയധരണിപതിർവ്വഞ്ചുളേശസ്യ ശംഭോ
ഭൂരിശ്രീ ദീപമാടം നിജസചിവവരൈഃ കാരയാമാസ ധന്യഃ ॥ 1

“ദേഹേ ശ്ലോകാനുജുഷ്ടേ” കലിതിമിരഹരേ വഞ്ചുളേശാന ഗേഹേ
ചൈകാരംഭഃ സശംഭുഞ്ചിതശരണധിയാ രാമവർമ്മാ സുകർമ്മാ ।
മാടേശോ ദീപമാടം പുനരതനുതതൽക്ഷേത്രനൃത്തീക്രിയാന്തേ
“ധാരാവൃഷ്ടീ”തിവാക്യം ദ്രവിണവിതരണേ യൽകടാക്ഷാദ്ധ്രുവം സ്യാൽ ॥ 2

എന്നീരണ്ടു ശ്ലോകങ്ങളെക്കൊണ്ടും സിദ്ധിക്കുന്നു. ഈ നവീകരണത്തിൽ മുമ്പുണ്ടായിരുന്ന ക്ഷേത്രത്തിൻെറ ശില്പകൎമ്മങ്ങളിൽ നിന്നു യാതൊരു മാററവും വരുത്തിയിട്ടില്ലെന്നു “യഃ കശ്ചിൽ” എന്ന ശ്ലോകത്തിലെ “ഉചിതൈഃ കാരയിതാ തഥാ” എന്ന ഭാഗംകൊണ്ട് നിശ്ചയിക്കാം. ഈ കലാപത്തിൽ നഷ്ടശിഷ്ടമായി കിടന്നിരുന്ന ഗോപുരങ്ങളിൽ കിഴക്കേതുമാത്രം 1071-ാം മാണ്ട് ചിങ്ങമാസത്തിൽ തീപ്പെട്ട മഹാരാജാവ്

തിരുമനസ്സിലെ കല്പനപ്രകാരം നവീകരിച്ചിട്ടുണ്ടെങ്കിലും പടിഞ്ഞാറെ ഭാഗത്തുള്ള രണ്ടു ഗോപുരങ്ങളുടേയും തറകൾ ഇപ്പോഴും അങ്ങനെ തന്നെ കിടക്കുകയാണ്. അതിൽ നടുവിലെ ഗോപുരത്തിന്റെ തറ ഇപ്പോൾ കാണുന്നതനുസരിച്ചുതന്നേ മേല്പോട്ട് പണിചെയ്താൽ അതുപോലെ ഒരു ഗോപുരം ഇതരക്ഷേത്രങ്ങളിൽ കാണുന്നതല്ലെന്ന് വരുന്നതാണ്. ഈ മൂന്നു ഗോപുരങ്ങളും മൂന്നുതരത്തിലുള്ള ശില്പവൈചിത്ര്യത്തോടുകൂടിയതാണെന്ന് അവയുടെ നഷ്ടശിഷ്ടങ്ങളെക്കൊണ്ട് അനുമിക്കാവുന്നതാകുന്നു. പടിഞ്ഞാറെ അററത്തെ ഗോപുരത്തിന്റെ കട്ടിളയും അതിനോടു സമം ഉയരത്തിലുള്ള ഭിത്തിയും അടുത്തകാലംവരെ ഏതാനും കേടുവന്ന നിലയിൽ നിന്നിരുന്നു. ആ ഭിത്തിമുഴുവൻ കരിങ്കല്ലുകൊണ്ടുതന്നെ പണിചെയ്തതുമായിരുന്നു. ആ സ്ഥിതിക്കു ഈ ഗോപുരങ്ങൾ മൂന്നും കരിങ്കല്ലുകൊണ്ടുതന്നെ പണിചെയ്തതായിരുന്നു എന്ന് ചില വൃദ്ധന്മാർ പറഞ്ഞുവരുന്നത് വാസ്തവമായിരിക്കാനേ തരമുള്ളു. അതുകൊണ്ട് ശ്രീകോവിൽ മുതലായ മററുഭാഗങ്ങളും ശിലാനിർമ്മിതങ്ങൾതന്നെയല്ലാതിരിപ്പാൻ സംഗതിയില്ലല്ലോ. പടയോട്ടത്തിനുശേഷം നവീകരിക്കപ്പെട്ടതായി ഇപ്പോൾ കാണുന്ന ശ്രീകോവിൽ മണ്ഡപം, വിളക്കുമാടം മുതലായവയുടെ തറ മാത്രമെ കരിങ്കല്ലുകൊണ്ട് പണിചെയ്തതായി കാണപ്പെടുന്നുള്ളു. തറക്കു മേല്പോട്ടുള്ള ഭിത്തി വെട്ടുകല്ലുകൊണ്ടാണ് പണിചെയ്തിരിക്കുന്നത്.

(തുടരും)

കുന്നേഴത്ത് പരമേശ്വരമേനോൻ.

## ചെല്ലൂരീശസ്തോത്രം.

(തുടച്ച)

പൊങ്ങിക്കാൽ താണിട്ടമ്പോളുലകിടമഖിലം തോണിപോൽ കമ്പമാന്നും
തിങ്ങിബ്ഭേരീനിനാദം വിരുതിനൊടുമുഴക്കിച്ചുമദ്ദിക്കശേഷം
തങ്ങിച്ചുററും ഹിതത്തോടമരവരർ പൊഴിക്കുന്ന പൂമാരിവാച്ചും
പാങ്ങിൽത്വന്നൃത്തലീലോത്സവമഹിമജയിക്കുന്നു ചെല്ലൂർ പുരാനേ! 14

കമ്പം ചേരുന്നഗംഗാനദി,യിളകിവിളങ്ങുന്ന ബാലേന്ദു, ചിന്നും
ചാമ്പൽച്ചാർത്തോടുമേളിച്ചൊരു ഫലസൃണരജസ്സൽഗമിക്കുന്നഫലമ്മാ
സ്വമ്പയ്യെപ്പത്തിപൊക്കി ക്രമമൊടഴകിലാടുന്ന പാമ്പസ്ഥിമാലാ-
സമ്പത്തിക്കോപ്പിണങ്ങും തവ നടനമഹം വെൽവൂ ചെല്ലൂർ പുരാനേ. 15

ദേവന്മാർ വീണുകൂപ്പുമ്പൊഴുതവരുടെയമ്മൌലിയിൽ ശോണകാന്തി-
സ്രാവം ചേരുന്ന രത്നാൽകരമമലമുരുമ്മുന്ന നിൻപാദയുഗ്മം
ഏവൎക്കും ഹൃത്തടത്തിൽ കട്ടതരകദനാകാരമായിക്കിടക്കും-
ഭാവത്തെച്ചാമ്പലാക്കാനെരിയുമരിയതീയെന്നപോൽ മിന്നിടുന്നു. 16

മാനം മുട്ടുന്നൊരത്യുന്നതശിഖരികൾതൻലക്ഷലക്ഷങ്ങൾപോലും
നൂനം കാലോദരാത്യുൽക്കടദഹനമുഖത്തിന്നുഹവ്യതാമേല്ലൊ
ഏനസ്സുൾക്കൊണ്ടു തുച്ഛം ക്രിമിതതടവിട്ടും മർത്ത്യരാത്മാഭിമാനം
ഗാനം ചെയ്യുന്നതിന്നെന്തൊരുപൊരുളുളവാം ദുർവ്വിലാസാകുലന്മാർ. 17

ഹേലാരം മെയ്യിങ്കലെല്ലാം നര,മരണമഹാരാട്ടു തന്നാഗമത്തിൽ
സ്വൈരം കാലാഖ്യഭൃത്യൻ വഴിയിലിഹ വിരിച്ചിട്ട വെൺപട്ടുപോലെ
വൈരസ്യത്തോടുചേർന്ന പ്രകൃതിയതുപുതുക്കുമ്പൊഴും ഗേഹചിന്താ-
ഭാരം ഭേസിക്കഴങ്ങുന്നിതുനരരവിവേകാന്ധരായെന്തു ചെയ്യാം 18

ഹൃൽക്കാമ്പാം വസ്തുവിങ്കൽ ശമദമമുഖമാം സസ്യബീജാളിപാകി-
ത്തല്ലാമാട്ടുഗ്രകാലിപ്പടയെമതിവിരക്ത്യാഖ്യമാം വേലിയാലേ
ഏല്ക്കാതേ ദൂരെനിർത്തിത്തവചരണയുഗധ്യാനതോയാൽ നനപ്പോർ
തല്ലൊരുണ്ണ്യനശ്ശാൽ പരമസുഖഫലം കൊയ്തുഭക്ഷിച്ചിടുന്നു. 19

ഹൃത്താമംഭോധി ഭക്ത്യാത്മകഫണിയുതമാം വൻതപോമന്ദരക്ഷ്മാ-
ഭൃത്താലേററം മഥിപ്പോരതിലുടനുയരും മുക്തിയാം ലക്ഷ്മിയാളേ
ചിത്താനന്ദാമൃതപ്പൊൻകുടമൊടു സഹിതം പൂണ്ടുശോകത്തിനക്കൈ-
യ്യെത്താതുള്ളോരുതുംഗസ്ഥലമതിലനിശം പാർത്തുപേർത്തും സുഖിപ്പൂ. 20

ചിന്മഞ്ജൂത്തേനൊലിക്കും മുനികളുടെ ഹൃദബ്ജത്തിലും വേദവാക്കാം-
പൊന്മഞ്ചത്തിങ്കലും വാണരുശ്ശുചിയൊടുമിന്നുന്നനിൻപാദയുഗ്മം
തിന്മക്കൂട്ടങ്ങളാകും കുഴികളുമഘമാം കുത്തുമുള്ളും നിറഞ്ഞോ-
രെന്മർത്ത്യന്തക്കൊടുങ്കാടതിലമരുവതിന്നർത്ഥി ഞാൻ സ്വാർത്ഥിതന്നേ. 21

മോഹപ്പേരാളുവോരാത്തമിയമിതമുയന്നുള്ളഹൃന്മന്ദിരത്തിൽ
സ്നേഹദ്വേഷാഭിലാഷാദ്യുരുരസവശരായ് ഭാവമോരോന്നിണക്കി
സ്വാഹങ്കാരാഭിമാനോൽക്കടനടർ തുടരും ജന്മശോകപ്രപഞ്ച-
വ്യൂഹപ്പേനാടകത്തിന്നറുതിവരുവതാ നിൻദയോഷസ്സിൽ മാത്രം. 22

ശൈത്യം സ്വാഭാവികം വായ്പൊരു തവ കരുണാപൂരമാർത്തിപ്പെരുങ്കാ-
ടത്യന്തം ചാമ്പലാക്കുന്നിതുഝടിതി നശിപ്പിപ്പൂ ഹൃജ്ജാഡ്യദോഷം
നിത്യം ദീപം കണക്കേ നയസരണികൾകാണിപ്പുമാന്ദ്യം കെടുത്തി-
സ്സത്യം കൃത്യത്തിനുത്സാഹവുമുശിരുമുയർത്തുന്നു നിൻപ്രൌഢി ചിത്രം! 23

സത്തത്വാധാരമാകും തിരുവടിയുടെ ചിദ്വിഗ്രഹത്തെസ്ഫുരത്താം
ചിത്തക്ഷേത്രത്തിലായ്‌വച്ചഥ വിരതിജലംകൊണ്ടു സേചിച്ചുമന്ദം
എത്തവ്വും സ്തോത്രമന്ത്രാവലികളുടെ ജപം പൂണ്ടു നൽധ്യാനസൂനം
സ്വാത്തം കൈക്കൊണ്ടുപൂജിപ്പവനിഹ നിതരാം ശാന്തിസൌഖ്യം ലഭിപ്പൂ. 24

ഭൂമൻ പിഭൃപ! സർവ്വാശയകുടിയിലിരുന്നീടുമന്നിന്നെയീഞാൻ.
മാമല്ലും ശോകഭാണ്ഡം വെറുതെയുടനഴിച്ചെന്തിനായ് കാട്ടിടുന്നു
ഈമന്നിൽ ഗേഹദാരാത്മജമഹിതസുഹൃന്മുഖ്യമാം സ്വാന്തബന്ധു-
സ്തോമത്തെസ്സന്ത്യജിച്ചിന്നിവനിത തവ സേവയ്ക്കു വന്നാവസിപ്പൂ. 25

ധീദാന്തത്വാദിയാകും ഗുണനിരകണികാണാത്തവൻ ഞാൻ കടുകം
വേദാന്താദ്ധ്യാവുചിന്തിച്ചിടുവതിനുമനഹ്തത്വമത്യന്തമേൽപ്പൂ
മോദാദ്ദാനാദി ചെയ്യുന്നതിനപടു പെരും നിർദ്ധനൻ നിത്യവും നിൻ
പാദാംബുജാസേവയൊന്നേ മമ ഹരപരസൌഖ്യത്തിനായ് സാദ്ധ്യമാകൂ. 36

വടക്കുംകൂർ രാജരാജവർമ്മരാജാ.

# സർദാർ കെ. എം. പണിക്കർ.

(ജീവിതചരിതസംക്ഷേപം)

വിശ്രുതവിശ്രുതനായ അമ്പലപ്പുഴരാജാവിന്റെ രാജധാനിക്ക് ഏകദേശം പത്തുപന്ത്രണ്ടു നാഴിക അകലെയായി "കൂടുന്ന മന്ദപവനന്റെ തകപ്പിനാൽ ചാഞ്ചാടുന്ന കേരളജയക്കുട കേരജാല"ത്താലും സ്വർണ്ണക്കതിരുകളേന്തി തലയാട്ടുന്ന കളമാവലികളാലും ആവൃതവും പുണ്യം തുളുമ്പുന്നതും സന്താനസമ്പത്തുകളാൽ സമൃദ്ധമായതും ആയ ഒരു മാന്യതറവാടാണ് ചാലയിൽ കുടുംബം. ഏകയോഗക്ഷേമത്തോടെ ഇന്നും പരിലസിക്കുന്ന ആ കുടുംബത്തിൽ ജനിച്ച ഒരു മഹാനാണ് കെ. എം. പണിക്കർ. ഇദ്ദേഹത്തെപ്പോലെ അന്തസ്സും സ്വഭാവഗുണവും തികഞ്ഞ ഒരു ഉത്തമപൌരൻ തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ലെന്നു തീർത്തുപറയാവുന്നതാണ്. ഈ മാന്യന് സ്വരാജ്യത്തിലുള്ളതിൽ കൂടുതൽ സ്വാതന്ത്ര്യവും സ്ഥാനവും അന്യരാജ്യങ്ങളിലത്രേ.

മി: പണിക്കരുടെ വിദ്യാഭ്യാസരംഗം ഓക്സ്ഫോർഡ് സർവ്വകലാശാല ആയിരുന്നു. ഇൻഡ്യക്കാരിൽ ഒന്നാമതായി ചരിത്രവിഷയത്തിൽ സ്കാളർഷിപ്പും ഒന്നാംക്ലാസ്സ് സ്ഥാനബഹുമതിയും ഓർക്സഫോർഡിൽനിന്ന് ലഭിച്ച ആൾ ഇദ്ദേഹമാകുന്നു. ഇദ്ദേഹത്തിന് വിദ്യാർത്ഥിയായിരിക്കുന്ന കാലത്തു് അനേകം സമ്മാനങ്ങളും ബഹുമതികളും ലഭിച്ചിട്ടുണ്ട്. ധനതത്വശാസ്ത്രത്തിലും പൊളിററിക്സ് സയിൻസിലും ഇദ്ദേഹത്തിനു പ്രത്യേകഡിഗ്രികളും ലഭിച്ചിട്ടുണ്ട്. ഗ്രേററർ ഇൻഡ്യ (Grater india) എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതു് വിദ്യാഭ്യാസകാലത്താണ്. 'ആക്സ്ഫോർഡിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാ

യി വന്ന ഉടനെ അദ്ദേഹത്തെ ആലിഗർ സർവ്വകലാശാലയിലെ ഒരു പ്രധാനപ്രഫസ്സരായി നിയമിച്ചു. അവിടെ അധികകാലം ജോലിനോക്കുന്നതിന്ന് സംതൃപ്തി തോന്നായ്കയാൽ 1922 മുതൽ അദ്ദേഹം പൊതുകാര്യപ്രസക്തനായി ജീവിതം നയിക്കുവാൻ നിശ്ചയിച്ചു. സുപ്രസിദ്ധങ്ങളായ "സ്വരാജ്യ" ഹിന്ദുസ്ഥാൻ ടൈംസ്; മുതലായ പല പത്രങ്ങളുടേയും പത്രാധിപരായി കുറെ കാലം കഴിച്ചുകൂട്ടി. അതിനുശേഷം അദ്ദേഹം ഇംഗ്ലണ്ടിലും പത്രപ്രവർത്തകനായി കുറെ നാൾ പാർത്തിരുന്നു. അക്കാലത്താണ് അദ്ദേഹം. I. C. S. എന്ന പ്രസിദ്ധപരീക്ഷയുടെ പരീക്ഷകന്മാരിൽ ഒരാളായിരുന്നത്.

ഇക്കാലത്താണ് മി. പണിക്കർ "നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഇൻഡ്യയും തമ്മിലുള്ള ബന്ധം" എന്നൊരു പുസ്തകം എഴുതിയത്. പ്രസ്തുതപുസ്തകം രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹത്തിനുള്ള ജ്ഞാനം പ്രസ്പഷ്ടമാക്കി തന്മൂലം അദ്ദേഹത്തിൻെറ പ്രശസ്തി ദ്വിഗുണീഭവിച്ചു. ആയിടക്കാണ് അദ്ദേഹം ഫ്റാൻസ്, ജർമ്മനി മുതലായ സ്ഥലങ്ങളിൽ താമസിച്ച് ആ രാജ്യങ്ങളിലുള്ള പ്രമാണികളുമായി പരിചയം നേടി അവരുടെ സ്നേഹം സമ്പാദിച്ചത്. യൂറോപ്പിലെ പ്രമാണികളായ പല രാജ്യതന്ത്രജ്ഞന്മാരും സാഹിത്യനായകന്മാരും മി: പണിക്കർക്ക് സ്നേഹിതന്മാരായി വർത്തിക്കുന്നുണ്ടെന്നു സുപ്രസിദ്ധമത്രെ.

ഇൻഡ്യൻഭരണപരിഷ്കരണാന്വേഷണക്കമ്മിററിയോടുകൂടി നാട്ടുരാജ്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയ ബട്ട്ലർകമ്മിററിയുടെ നിയമനാവസരത്തിൽ ബഹുമാനപ്പെട്ട കാശ്മീർ മഹാരാജാവ്, മേജർ. കെ. എം. പണിക്കരെ ആ കാര്യങ്ങൾ നോക്കുന്നതിനായി അങ്ങോട്ടു ക്ഷണിച്ചു.

1927-ൽ ഇപ്രകാരം അദ്ദേഹം നാട്ടുരാജ്യങ്ങളിലെ സേവനം ആരംഭിച്ചു. കാശ്മീറിൽ വളരെ പ്രധാനപ്പെട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ് ഇൻഡ്യയുടെ രാജ്യഭരണപരിഷ്കാരത്തെപ്പററി ആലോചിക്കുന്നതിന് സുപ്രസിദ്ധമായ വട്ടമേശസമ്മേളനം ലണ്ടനിൽ വിളിച്ചുകൂട്ടിയത്. ആ സമ്മേളനത്തിൽ നാട്ടുരാജ്യങ്ങളെ പ്രതിനിധീകരിക്കുന്നതിന്ന് നിയുക്തരായ രാജ്യതന്ത്രജ്ഞരിൽ ഒരാൾ മി. പണിക്കരായിരുന്നു. പല മഹാരാജാക്കന്മാരും സർ. അക്ബർ ഹൈദരി മുതലായ മന്ത്രിപ്രമുഖന്മാരുമുൾപ്പെട്ട ആ സംഘത്തിൻെറ ജനറൽ സിക്രട്ടറിയായും നരേന്ദ്രമണ്ഡലത്തിൻെറ വിദേശോപദേഷ്ടാക്കളുടെ ഡെ

പ്യൂട്ടിഡയറക്ടരായും മി. പണിക്കർ നിയമിക്കപ്പെട്ടു. ലണ്ടനിൽ ഉണ്ടായ മൂന്നു സമ്മേളനങ്ങളിലും ഈവിധത്തിൽ മഹാരാജാക്കന്മാരെ പ്രതിനിധീകരിച്ചതുകൂടാതെ നരേന്ദ്രമണ്ഡലത്തിന്റെ സെക്രട്ടറി എന്ന നിലയിൽ നാട്ടുരാജ്യങ്ങളുടെ അധികാരാവകാശങ്ങളെപ്പററി വാദിയ്ക്കേണ്ട പ്രധാനചുമതലയും അദ്ദേഹത്തിനായിരുന്നു. നരേന്ദ്രമണ്ഡലത്തിന്റെ ചാൻസലർ സ്ഥാനം വഹിച്ചിരുന്ന ഭോപ്പാൽ നവാബു, നവനഗരിലെ ജാംമഹാരാജാവു്, പട്ടിയാലാമഹാരാജാവു് മുതലായവർ മി. പണിക്കർ നാട്ടുരാജാക്കന്മാൎക്കുവേണ്ടി, അക്കാലത്തു് ചെയ്ത സേവനത്തെപ്പററി വളരെ സ്തുതിച്ചിട്ടുണ്ടു്.

ഇന്ത്യൻ ഭരണപരിഷ്കാരത്തിൽ മി. പണിക്കൎക്കുള്ള പങ്കു സുപ്രസിദ്ധമാണു്. ആ നിയമം പാർളിമെൻറിൽ ആലോചനയിൽ ഇരിക്കുമ്പോൾ സർ. സാമുവെൽഹോർ തുടങ്ങിപ്പലരും അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഉദ്ധരിച്ചു പ്രസംഗിച്ചിട്ടുണ്ടെന്നുള്ളതുതന്നെ ഇതിനൊരു സാക്ഷ്യമാണു് കൂടാതെ, നാട്ടുരാജാക്കന്മാരെ സംബന്ധിക്കുന്ന പല വകുപ്പുകളും അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു് മാററുകകൂടി ഉണ്ടായിട്ടുണ്ടെന്നു് പലൎക്കും അറിയാവുന്നതാണു്.

പട്ടിയാലാമഹാരാജാവു് നരേന്ദ്രമണ്ഡലം ചാൻസലറായിരിക്കുമ്പോൾ മി. പണിക്കരെ തന്റെ വിദേശകാൎയ്യമന്ത്രിയായി ആ രാജ്യത്തേയ്ക്കെടുത്തതു്. വിദേശകാൎയ്യങ്ങൾ കൂടാതെ, വിദ്യാഭ്യാസം, മുൻസിപ്പാലിററികൾ, അപ്പീൽ കോടതി ഇവയുടെ അധികാരങ്ങളും അദ്ദേഹംതന്നെ ആ രാജ്യത്തു നിൎവ്വഹിച്ചു.

നാട്ടുരാജ്യങ്ങളെപ്പററിയുള്ള എല്ലാ ആലോചനകളിലും അദ്ദേഹം ഒരു പ്രധാനസ്ഥാനം വഹിച്ചിരുന്നു. നരേന്ദ്രമണ്ഡലത്തിന്റെ സ്ഥിരം കമ്മിററികളിലും ഹൈദരിക്കമ്മിററി എന്നറിയപ്പെട്ടിരുന്ന മന്ത്രിസഭയിലും മി. പണിക്കർ മുന്നണിയിൽനിന്നു പ്രവൎത്തിച്ചിരുന്ന ഒരു മെംബറായിരുന്നു. കൂടാതെ, അദ്ദേഹം ഗൗരവമേറിയ പല കാൎയ്യങ്ങളിലും രാജാക്കന്മാൎക്കു് പൊതുവേയുള്ള ഉപദേഷ്ടാവാണെന്നുള്ളതും പ്രസിദ്ധമാണു്.

ഭാരതത്തിലെ വിദ്യാഭ്യാസകാൎയ്യങ്ങളിലും മി. പണിക്കൎക്കു് ഗണനീയമായ ഒരു സ്ഥാനമുണ്ടു്. കൽക്കട്ട, മദ്രാസ് മുതലായ സൎവ്വകലാശാലകൾ ചരിത്രത്തിൽ അദ്ദേഹത്തിനുള്ള പാണ്ഡിത്യത്തെ അഭിനന്ദിച്ചു ആണററി റീഡറായിട്ടും സ്പെഷ്യൽ ലക്ചററായിട്ടും, അദ്ദേഹത്തെ

ക്ഷണിച്ചിട്ടുണ്ട്. ലണ്ടനിൽ പല വിദ്വൽസദസ്സുകളിലും പതിവായി അദ്ദേഹത്തെ പ്രസംഗത്തിന് ക്ഷണിക്കാറുണ്ടത്രെ.

1930-ൽ പാരീസിലെ ഇൻറർ നാഷ്യനൽ ഡിപ്ലോമാററിക് അക്കാഡമിയിൽ ബക്കൻ ഹെഡ്പ്രഭുവിൻെറ നിര്യാണത്താൽ വന്ന ഒഴിവിൽ മി. പണിക്കരെ നിയമിച്ചു. 1938-ൽ ബാർലിൻ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നിയമവിദ്യാർത്ഥികൾക്കുവേണ്ടി നാട്ടുരാജ്യങ്ങളും ഫെഡറേഷനും സംബന്ധിച്ച് സുസമ്മതനായ ഒരു ചരിത്രപണ്ഡിതൻ, വിഖ്യാതനായ ഒരു രാജ്യതന്ത്രജ്ഞൻ എന്നീ കാര്യങ്ങൾ കൊണ്ടു മാത്രമല്ല മി. പണിക്കർ അറിയപ്പെടുന്നത്. ഇംഗ്ലീഷിൽ അദ്ദേഹം പല വിഷയങ്ങളെപ്പററി രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ഈ നാട്ടിലും ഇംഗ്ലണ്ട്, അമേരിക്കാ മുതലായ സ്ഥലങ്ങളിലും പണ്ഡിതന്മാർ പ്രാമാണികഗ്രന്ഥങ്ങളായി സ്വീകരിച്ചിട്ടുള്ളതുകൊണ്ടും ഒരു പത്രപ്രവർത്തകനെന്ന നിലയിലും അദ്ദേഹത്തിന് ഗണനീയമായ സ്ഥാനമുണ്ട്. ഇംഗ്ലണ്ടിലെ മിക്ക പ്രതിദിനപത്രങ്ങളും അദ്ദേഹത്തിൻെറ ലേഖനങ്ങൾ ആവശ്യപ്പെടാറുള്ളതാണ്. ലണ്ടൻ ടൈംസ്, മാൻചസ്ററർ ഗാർഡിയൻ മുതലായ പത്രങ്ങൾ ഇദ്ദേഹത്തിൻെറ സഹകരണം പല പ്രധാനപ്പെട്ട കാര്യങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ ഫ്റാൻസ്, പോർട്ടുഗാൽ മുതലായ രാജ്യങ്ങളിലെ പത്രങ്ങളുമായും ഒരുകാലത്ത് അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു.

യൂറോപ്പിൽ രാജ്യതന്ത്രജ്ഞന്മാരായും സാഹിത്യനായകന്മാരായും അറിയപ്പെടുന്നവരിൽ പലരും മി. പണിക്കരുടെ സ്നേഹിതന്മാരാണ്. 1935-ൽ മി പണിക്കർ റോമിൽവെച്ച് മാർപാപ്പായേയും മുസ്സോലിനിയേയും സന്ദർശിച്ചു എന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

മലയാളസാഹിത്യത്തിൽ സർദാർ പണിക്കർ അവർകൾക്ക് സുപ്രശസ്തമായ സ്ഥാനമുണ്ട്. പറങ്കിപ്പടയാളി, ധൂമകേതുവിൻെറ ഉദയം, കല്യാണമൽ മുതലായ നോവലുകളും, ഭീഷ്മർ, മണ്ഡോദരി, എന്നീ നാടകങ്ങളും ഭൂപസന്ദേശം, ചിന്താതരംഗിണി, പ്രേമഗീതി, വേലുത്തമ്പിദളവമുതലായ കവിതകളും അദ്ദേഹം എഴുതീട്ടുണ്ട്. അവ ഇന്നും പ്രചുരപ്രചാരത്തിലിരിയ്ക്കുന്ന പുസ്തകങ്ങളാണ്. — ഇംഗ്ലീഷിൽ ചരിത്രപരമായി ശ്രീഹർഷൻ, മലബാറും പോർട്ടുഗീസും, മലബാറും ഡച്ചും ഗുലാബ്സിങ്ങും കാശ്മീരും മുതലായ അനേകം പുസ്തകങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. കൂടാതെ രാഷ്ട്രീയമായും നിയമപരമായും ചരിത്രവിഷ

യകമായും അനേകം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. ഇതിൽ ചരിത്രവിഷയകമായ ഗ്രന്ഥങ്ങൾ എം. എ.; ബി. എ. തുടങ്ങിയ ക്ലാസ്സുകളിൽ ടെക്സ്റ്റുബുക്കാണ്. മലയാളത്തിലുള്ള പറങ്കിപ്പടയാളി, കല്യാണമൽ മുതലായ സ്വതന്ത്രനോവലുകൾ സുപ്രസിദ്ധങ്ങളാണല്ലൊ.

അനേകം ഭാഷകളിൽ മി. പണിക്കർക്ക് അപാരമായ പാണ്ഡിത്യം ഉണ്ടെങ്കിലും മാതൃഭാഷയെ അദ്ദേഹം മറന്നിട്ടില്ലെന്നുമാത്രമല്ല ഇപ്പോഴും അതിനെ വേണ്ടതുപോലെ ആരാധിക്കുന്നുമുണ്ട്. പെററമ്മയെ മറന്ന് പോററമ്മയെ പൂജിക്കുക മി. പണിക്കർ പതിവില്ല. ആധുനിക ഇംഗ്ലീഷുമലയാളികൾക്ക് ഇദ്ദേഹം ഒരു മാതൃകാപുരുഷൻ തന്നേയാണെന്നു പറയണം.

മി. പണിക്കർക്ക് ഇപ്പോൾ 45 വയസ്സു മാത്രമാണ് പ്രായമുള്ളതു്. ഈയിടെ നായർ സർവീസുസൊസൈററിയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഡാക്ടർ കെ. പി. പണിക്കർ മി. പണിക്കരുടെ ജ്യേഷ്ഠനാണ്.

ഇപ്പോൾ മി. പണിക്കർ ബിക്കാനീർ രാജ്യത്തിലെ മന്ത്രിയായി ജോലി നോക്കുകയാണ്. പല മഹാരാജാക്കന്മാരിൽനിന്നും അദ്ദേഹത്തിന് ബഹുമതികൾ ലഭിച്ചിട്ടുണ്ടെന്നുള്ള സംഗതി പറയേണ്ടതില്ലല്ലോ.

വിദൂരദേശത്താണ് മി. പണിക്കരുടെ താമസമെങ്കിലും മംഗലാപുരം തൊട്ട് കന്യാകുമാരിവരെ കേരളത്തിൽ അദ്ദേഹം പല പ്രാവശ്യം സഞ്ചരിച്ചിട്ടുണ്ടെന്നുള്ളതും കേരളത്തിലെ പ്രമാണികളായ മിക്കവരേയും നേരിട്ടറിയുമെന്നുള്ളതും പ്രത്യേകിച്ച് പറയേണ്ട ഒരു കാൎയ്യമാണ്. "കേരളപുത്രൻ" എന്ന അപരനാമത്തിൽ അദ്ദേഹം ഗ്രന്ഥങ്ങൾ എഴുതാറുള്ളതു് ഈ സ്വദേശഭക്തി അൎത്ഥവത്താക്കുന്നു എന്നു തന്നെ പറയാം.

കടമാളൂർ, കെ. കെ. ഗോപാലപിള്ള.

## * തിരുനാൾ മംഗളം

(തുടൎച്ച)

(മയിലേറി_മട്ട്.)

(പ) മരുവേണം-ചിരകാലം
മൂലഭൂമിപൻ— (മരു)

(ച) ശ്രീമാടഭൂമിപാലൻ-പൂമാതുപുൽകുംപുരാൻ
സീമാതീതഗുണാഢ്യൻ-ധീമാൻനൃപാലമൌലി
സൂൎയ്യവംശജൻ - പുരു—കാൎയ്യദൎശകൻ - ഗുണ
വീൎയ്യശൌൎയ്യജൻ - ഗുണനിധി- (മരു)
ധൎമ്മാധൎമ്മങ്ങളെല്ലാം-നിൎമ്മായമറിഞ്ഞീടും
ധാൎമ്മിക ചക്രവൎത്തി - ശൎമ്മപ്രദാനലോലൻ.
പുരുഗുണാലയൻ - സുര—തരുസമാശയൻ - പുരു
ഭരണലോലുപൻ - തിരുവടി. (മരു)
തൃപ്പാദംവന്ദിപ്പവൎക്കുപ്പൂവിൽമോദമേകും-
കല്പകക്കാതലാകു - മിപ്പുണ്യദാനലോലൻ.
മഹിതമാനമാം - "കുലധന"മതാകുവോൻ - അല
മാറിതവൈരിതാൻ - സുഖമൊടു മരുവേണം—

രാജൎഷിമാസിക.

* തിരുമുമ്പിൽ സമൎപ്പിച്ചതു്.

## പുസ്തകാഭിപ്രായം.

### ശ്രീഗുരുവായുപുരേശസ്തവം.

ഗ്രന്ഥകൎത്താ: മ. മ. ശ്രീ രോഹിണിനാൾ കേരളവൎമ്മ
വലിയരാജാ തിരുമനസ്സുകൊണ്ടു്.

(പൂഞ്ഞാർ ചീഫ്)

ഈശ്വരഭക്തി ഒന്നുകൊണ്ടു് ഐഹികാമുഷ്മികാഭ്യുദയാപ്തി ഉളവാകുമെന്നു് സുപ്രസിദ്ധമാണല്ലൊ. മേപ്പത്തൂർ ഭട്ടതിരിയോളം വിഭക്തി പൂന്താനത്തിനുണ്ടായിരുന്നില്ലെങ്കിലും പൂന്താനത്തിനോളം ഭക്തി മേപ്പത്തൂരിനില്ലെന്നു് ഭഗവാൻ തലകുലുക്കി സമ്മതിച്ചിട്ടുണ്ടു്. നാരായണീയസ്തോത്രംകൊണ്ടു് ഭട്ടതിരിയുടെ വാതരോഗം മാറി, ഭക്തനായ കുചേലബ്രാഹ്മണനു ഒരുപിടി കുചിപിടകം മൂലം ദാരിദ്ര്യം നീങ്ങി സകലൈശ്വൎയ്യങ്ങളും ഉളവായി. അതെ, ഭഗവൽസ്തോത്രങ്ങൾക്കുള്ള ശക്തി സീമാതീതം തന്നേ.

ഇതാ നിസ്സീമമായ മനഃശുദ്ധിയോടുകൂടിയ ഒരു മഹാഭക്തൻ ഗുരുവായൂരപ്പനെ സ്തുതിച്ചിരിക്കുന്ന ശ്രീമാൻ. കെ. കെ— രാജനെഴുതിയ വിസ്തൃതമായ വ്യാഖ്യാനത്തോടുകൂടിയ— ഭക്തിരസം തുളുമ്പുന്ന 43 പദ്യങ്ങളാണിതിലടങ്ങിയിട്ടുള്ളതു്. ഭക്തിയും വിഭക്തിയും ഉള്ള ഏവരേയും ആനന്ദത്തിലാറാടിക്കുമാറുള്ള പ്രസ്തുതപദ്യങ്ങളുടെ ലളിതകോമളമായ രചനാഭംഗി വായിച്ചറിയേണ്ടതുതന്നെ.

നവനീരദനീലാഭം നവനീരജലോചനം
അവനീഭരഹത്താരം നവനീതഹരം ഭജേ
ദേവകീനയനാനന്ദം രേവതീരമണാനുജം
ദേവദേവം രമാകാന്തം ദേവം വന്ദേ ദയാനിധിം
വനവാസപരം വൃന്ദാവനവാസപ്രിയം ഹരിം
വനജാക്ഷമഹം വന്ദേ വനമാലിനമനപഹം.

ആപാദമസ്തകം ഇമ്മാതിരി പദ്യങ്ങളാണിതിലടങ്ങിയിട്ടുള്ളതു്.

ദേഹേന വാ ഹതധിയാ ഹൃദയേന വാപാ
മോഹേന മോഹനതനോ! പവനാലയേശ!
ഹാഹാ മയാ കൃതമഘം സകലാപരാധം
സ്നേഹാൽ ക്ഷമസ്വ കൃപയാ പരിപാഹി മാം ച.

ഇങ്ങനെ ക്ഷമാപണനമസ്കാരത്തോടുകൂടി അവസാനിപ്പിച്ചിരിക്കുന്ന പ്രസ്തുതപുസ്തകം നിത്യപാരായണപരായണന്മാരായ ഏവക്കും പററിയതുതന്നെ ഗ്രന്ഥകത്താവായ തിരുമനസ്സിലേക്കു് ദീൎഘായുസ്സും ആരോഗ്യവും ആനന്ദവും ഉളവാകുവാൻ ഞങ്ങറം ഭക്തവത്സനായ ഗുരുവായൂരപ്പനോടു സദാപി പ്രാൎത്ഥിച്ചുകൊള്ളുന്നു.

## പരിത്യക്താ.

ഗ്രന്ഥകൎത്താ:—പുത്തേഴത്തു് രാമൻമേനോൻ അവർകറം.
ബി. എ. ബി. എൽ
പ്രസാധകൻ:—എം. എം. ലോന. ഭാരതവിലാസം പ്രസ്സ്.
തൃശ്ശിവപേരൂർ വില 12 ണ മാത്രം

കുട്ടികാലം മുതല്ക്കുതന്നെ കവിതാകാമിനിയെ പരിലാളിച്ചു് പരമോദാരയായ ആ പുണ്യവതിയുടെ പ്രണയത്തിനു പാത്രമായതിൻെറ ശേഷം കവനകൌമുദി, ആത്മപോഷിണി തുടങ്ങിയ പല മാസികകളിൽകൂടി രംഗപ്രവേശം നടത്തി ഒരു നല്ല വാസനാകവിയെന്നു്, പേരും പെരുമയും സമ്പാദിച്ച ശ്രീമാൻ പുത്തേഴത്തു് രാമൻമേനവനവർകളുടെ ഏതാനും കവനകുസുമങ്ങളെ കൂട്ടിയിണക്കി കേത്തു് കൈരളീദേവിയുടെ തൃപ്പാദാരവിന്ദങ്ങളിൽ ഭക്തിബഹുമാനപുരസ്സരം സമൎപ്പിച്ചിട്ടുള്ള ഒരു സുഗന്ധപുഷ്പമാല്യമാണു് പരിത്യക്ത. കവിതാകാമിനി അദ്ദേഹത്താൽ പരിത്യക്തയോ അദ്ദേഹം കവിതാകാമിനിയാൽ പരിത്യക്തനൊ ആയിട്ടില്ലെന്നതിന്നു് അദ്ദേഹം അധുനാതനകാലത്തും ചെയ്തുവരുന്ന സാഹിത്യസേവനം തന്നെ ഉത്തമോദാഹരണമാണു്.

സന്യാസിവയ്യൻ, ഒരു കുമയുടെ മനോരാജ്യം, പനിനീർപുഷ്പം, സൂയ്യാസ്തമയം, മേഘം, മേടമാസത്തിലെ ചാലക്കുടിപ്പുഴ, ലതാംഗി, തങ്കത്തിൻെറ മാൻകുട്ടി, രാധ, ഒരു വിരഹം ഇങ്ങനെ പത്തു കൃതികളാണിതിലടക്കീട്ടുള്ളതു്. ഇതിൽ 'രാധ' ഒരു കൂട്ടുകവിതയാണു്. 'വിരഹ'ത്തിനു് വെണ്മണിച്ഛായയുണ്ടു്.

കല്യാണാംഗീ! കടാക്ഷ''ക്കരി''വഴി'യുഴ' തെംട്ടൊട്ടു ''പാടം''ക്കിനീയ-
ന്നുല്ലാസാലെൻമനസ്സാം പുതിയൊരു 'വയലി'ൽ പ്രേമ'വിത്തും' വിതച്ചു,
ചൊല്ലാംമുളം നിൻ വിചാരാമൃത''വള''മിവനും ചേത്തുവിഘ്നങ്ങളിപ്പോറം
കല്യാണത്തിന്നുമില്ലി''ക്കൃഷി''യിനിപല ''മേനി''ക്കുമായു് ''കൊയ്ത്തെട്ടു''ക്കാം
ഇത്യാദി സാഹിത്യരസം തുളുമ്പുന്ന പദ്യങ്ങളാണിതിലധികവും.

ഇതിലും മെച്ചമായിട്ടുള്ളതാണ് ഗ്രന്ഥകർത്താവിൻെറ പ്രസ്താവന വായിക്കുന്തോറും ആഹ്ലാദം അപരിമിതമാകുന്ന ഈ പ്രസ്താവനയിൽ കവിത തെളിഞ്ഞു വിളങ്ങുന്നുണ്ട്. ഫലിതരസത്തിൽ പ്രൌഢി കുറയാതെ പണ്ഡിതപാമരപര്യന്തം രസിപ്പിക്കുന്ന ഗ്രന്ഥകർത്താവിൻെറ ഗദ്യരീതി സർവ്വവിദിതമായിരിക്കുന്നു.

## ദാമോദരൻ നായരുടെ ഡയറി.

ഗ്രന്ഥകർത്താ: പുത്തേഴത്തു രാമൻമേനോൻ. ബി. എ. ബി. എൽ.

പ്രസാധകന്മാർ—ഭാരതവിലാസം പ്രസ്സ്. തൃശ്ശൂർ

ദാമോദരൻനായരുടെ ഡയറി, ഇരുപതുകൊല്ലങ്ങൾക്കുമുമ്പ് ഗ്രന്ഥകർത്താവ് ആത്മപോഷിണിമാസികയിൽ 'ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയ ഫലിതലേഖനങ്ങളാണ്. പ്രസ്തുതഡയറിയിലെ ഓരോ ദിവസത്തേയും കുറിപ്പുകൾ വായിക്കുമ്പോൾ വിയനക്കാർക്ക് അസാധാരണമായ ആഹ്ലാദം ഉണ്ടാകുന്നതാണ്. മാത്രമല്ല ചില കുറിപ്പുകൾ അക്കാലത്ത് ചിലരുടെ മർമ്മങ്ങളിൽ തട്ടുന്നതും നെററിചുളിപ്പിക്കുന്നവയുമായിരുന്നു.

ചിങ്ങം 21-ാം തിയതിവരേ ദാമോദരൻ നായർ ഡയറി എഴുതീട്ടുള്ളു പിന്നീട് എഴുതുവാൻ മി. നായരുടെ ഡയറിയിൽ സ്ഥലമില്ലാതെ വന്നതു കഷ്ടവും നഷ്ടവും ആയിട്ടുണ്ട്. 158 പേജ് ഉള്ള പ്രസ്തുതപുസ്തകത്തിൻെറ വില 12 ണ ഒട്ടും അധികമല്ല— ഗ്രന്ഥകർത്താവിനു ഞങ്ങൾ സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

---

## പുരാവൃത്തദീപിക.

വിദ്വാൻ: വി. ആർ. പരമേശ്വരൻപിള്ള. പി ഒ എൽ.

തിരുവനന്തപുരം.

പത്മനാഭപുരം പുരാണവസ്തു കൌതുകാഗാരത്തിൻെറ പര്യവേക്ഷകനും മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിൽ അസാമാന്യമായ ജ്ഞാനം സമ്പാദിച്ച ഒരു ഉത്തമസാഹിത്യരസികനുമാണ് മി. വി. ആർ. പരമേശ്വരൻപിള്ള. ഭാരതത്തിൻെറയും—വിശേഷിച്ച് ദക്ഷിണഭാരതത്തിൻെറയും തിരുവിതാംകൂറിൻെറയും രാഷ്ട്രീയവും സാമുദായികവും മതപരവുമായ ചരിത്രത്തെപ്പററി ഗ്രന്ഥപാരായണപരായണന്മാരായ കേരളീയർക്ക് പുതിയ അറിവുകൾ സമ്പാദിക്കുന്നതിനു പററിയ ഒരു പുസ്തകമാണ് ഈ പുരാവൃത്തദീപിക.

ഗ്രന്ഥകർത്താവിൻെറ വളരെക്കാലത്തെ പരിശ്രമഫലമായി എഴുതിത്തീർത്ത പ്രസ്തുതഗ്രന്ഥത്തിൽ വഞ്ചീശവംശം, മഹെൻജൊഡാറൊ, പ്രാചീനലിഖിതപഠനം, സല്ലേഖനവും ഉത്തരഗമനവും, കാന്തളൂർ ശാല, പണ്ടത്തെ സത്യപരീക്ഷകൾ, ക്ഷേത്രങ്ങൾ ചെയ്ത സേവനം, സതി അഥവാ ഉടന്തടിയേററം, നരേശനും കലേശനും, കല്ലു നൽകിയ വെളിച്ചം, ഭാരതത്തിലെ അതിപ്രാചീനചിത്രം, വീരകേരളേശ്വരം, ദക്ഷിണഭാരതവും ജൈനമതവും, വിക്രമശിലാവിഹാരം ഇങ്ങനെ പതിന്നാലു ലേഖനങ്ങളാണടങ്ങിയിട്ടുള്ളത്.

പുരാതനവസ്തുഗവേഷണപരമായ ഇതിലെ ഓരോ പ്രബന്ധങ്ങൾ വായിക്കുമ്പോഴും വായനക്കാർക്ക് നവംനവങ്ങളായ അറിവുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതിലുള്ള ഗദ്യരീതി പണ്ഡിതന്മാർക്കും പാമരന്മാർക്കും ആഹ്ലാദത്തെയും ആകാംക്ഷയേയും ജനിപ്പിക്കുന്നവയാണ്. ഇംഗ്ലീഷിലും തമിഴിലും ഉള്ള അനേകം അമൂല്യഗ്രന്ഥങ്ങൾ വായിച്ച് പഠിച്ച് എഴുതീട്ടുള്ളതാണ് പ്രസ്തുതഗ്രന്ഥം. ഭാരതത്തിൻെറയും ക്ഷേ

ണാപഥത്തിൻെറയും പൂവ്ചരിത്രം അറിഞ്ഞു് ആനന്ദം ഉളവാകണമെങ്കിൽ പ്രസ്തുത പുസ്തകം അവശ്യം വായിക്കേണ്ടതാണ്. ഒന്നാംതരം ഗദ്യമെഴുത്തുകാരനായ മി. പിള്ള ഇത്തരം വിജ്ഞാനപ്രദങ്ങളായ അനേകം ഗ്രന്ഥങ്ങൾ എഴുതി കൈരളീദേവിയെ സമാരാധിക്കമാറാകട്ടെ.

ഈ ദീപിക ഒരു ഉറുപ്പിക വിലയ്ക്കു് തിരുവനന്തപുരം ആർക്കിയോളജി ആഫീസിൽ പണ്ഡിററു് അസിസ്ററൻറായിരിക്കുന്ന ഗ്രന്ഥകത്താവിൽനിന്നു ലഭിക്കുന്നതാണ്.

## അമൃതരശ്മി.

(മൂന്നാം ഭാഗം)

ഗ്രന്ഥകത്താവു്. മഹാകവി കുട്ടമത്തു്.

ഇതു് ഗ്രന്ഥകത്താവിൻെറ അനേകം കൃതികൾ കൂട്ടിച്ചേത്തിണക്കി പുറത്തിറക്കിയതാണ്. പ്രഹ്ളാദൻ കൈയ്യെഴുത്തു്, ആത്മീയഹോമം, യശോദയുടെ പുത്രവിരഹം, കേരളവിലാസം, നരേന്ദ്രൻെറ ഗുരുപരീക്ഷ; കാളിദാസൻ, മാടായിക്കുന്നു്, ഇങ്ങനെ എട്ടു കവിതകളാണിതിലടങ്ങിയിട്ടുള്ളതു്. എല്ലാ കവിതകളും അത്ഥപുഷ്ടിയും അലങ്കാരശുദ്ധിയും കൂടിയവതന്നെ. മഹാകവി കുട്ടമത്തിൻെറ കവിതകളുടെ രസം അറിയേണ്ടവർ പ്രസ്തുതപുസ്തകം വായിക്കേണ്ടതാണ്. വില 4_ണ മാത്രം.

## ശ്രീരാമാവതാരം ആട്ടക്കഥ.

കുട്ടമത്തു് കുന്നിയൂരു്, ചെറിയ രാമക്കുറുപ്പു്.

വില 12_ണ.

കുട്ടമത്തു് കുന്നിയൂരു് സാഹിത്യസമുച്ചയം നമ്പ്ര് 4.

സംസ്കൃതസാഹിത്യത്തിൽ അനന്യസാധാരണമായ പാടവം സമ്പാദിച്ച ഒരു സരസകവിയാണ് പ്രസ്തുതപുസ്തകത്തിൻെറ പ്രണേതാവു് എന്നു് ഈ പുസ്തകം ഒരു തവണ വായിച്ചാൽ അറിയാവുന്നതാണ്. രണ്ടുമൂന്നു ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിക്കാം

പദ്യം 6. സ്വച്ഛം സ്വച്ഛന്ദചേഷ്ടാവ്യഥിതജഗദശോകനീപാമ്രജാതീ-
മല്ലീമല്ലീയമാനഭ്രമരപികകുലം പങ്ക്തികണ്ഠഃ കദാപിൽ
ലങ്കാലങ്കാരഭൂതം ലളിതമുപവനം ജായയാ സാദ്ധ്മുച്ചൻ
ലീലാലീലാലസീതാം മയദനുജസുതാമബ്രവീൽ കർബ്ബുരേന്ദ്രഃ

പദ്യം 11. ലങ്കാമേത്യ ഭടൈസ്സുരപ്രതിഭടൈഃ ശ്രുതോപാദിതാന്തൈരിമാം
വാത്താം രോഷകഷായിതപ്രവികസൽദൃഷ്ടിച്ഛടോഷ്ടാമരഃ
പ്രക്ഷുഭ്യത്തരവിഷ്ടപാട്ടഹസിതോൽഘുഷ്ടഃ പ്രവിഷ്ടോ ദിവം
ജുഷ്ടഃ പുഷ്ടചമൂശതൈർദ്ദശമുഖോ വ്യാചഷ്ട ദുഷ്ടോ ഹരിം.

പദ്യം 24. ഭ്രാജദ്രത്നകിരീടകുണ്ഡലകടാക്ഷോന്മേഷകൃന്തീരിതം
ബിഭ്രാണം കബരീഭരം കരലസച്ചക്രാദിദിവ്യായുധം.
കൗസല്ല്യാ കടകാദിഭൂഷണഗണൈരുൽഭാസ്യമാനം ഹരിം
ഭക്ത്യോപവീക്ഷ്യ പുരഃ കളായപടലീകമ്രം പ്രണമ്രാസ്തവീൽ

ഇങ്ങനെയുള്ള ശ്ലോകങ്ങളും രസഭംഗിയുള്ള ഗാനങ്ങളും ഇതിൽ കാണാം.